LIBRARY ARCHIVES Kerala Legislative Assembly

സംയുക്തമായി ചേർന്ന് SMILE (Seamless Medical Intervention in Life Saving & Emergencies) എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുന്നതിനായിട്ടാണ് 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 1580 ലക്ഷം രൂപ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡായി ലഭിച്ചിട്ടുള്ളത്. അപകട ചികിത്സാ പദ്ധതിക്കായി തുക ലഭിച്ചിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജിൽ അപകടത്തിൽപ്പെട്ട് എത്തുന്ന രോഗികൾക്ക് വിദഗ്ദ്ധ വൈദ്യസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ട്രോമാ കെയർ സെന്റർ സ്ഥാപിക്കുവാൻ കേന്ദ്ര ധനസഹായമായി 2014-15 സാമ്പത്തിക വർഷം ആറ് കോടി രൂപ ലഭിച്ചു. ടി സെന്റർ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാത്രമായിട്ടാണ് തുക ലഭിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും മാത്രമാണ് ഈ പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാത്രമായിട്ടാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിച്ചിട്ടുള്ളത്. എന്നാൽ അപകടത്തിൽപ്പെടുന്നവർക്കായി ആരോഗ്യവകുപ്പിൽ നിന്നും ധനസഹായങ്ങളൊന്നും നൽകുന്നില്ല.

## വിനോദ സഞ്ചാരമേഖലയിലെ താമസസൗകര്യം

**16 (*526)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയിലെ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. പ്രധാന ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ/കേരളാ ഹൗസുകൾ എന്നിവയുടെ നവീകരണവും പുനരുദ്ധാരണവും നടന്നുവരുന്നു. പൊന്മുടി, മൂന്നാർ എന്നിവിടങ്ങളിൽ അക്കൊമഡേഷൻ കോംപ്ലക്സുകളുടെ പണി ആരംഭിച്ചു. കണ്ണൂർ ഗസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക്, ദേവികുളം യാത്രി നിവാസ് എന്നിവ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളിൽ മികച്ച സൗകര്യങ്ങളൊരുക്കാനുള്ള നടപടികളെടുത്തുവരുന്നു. കൂടാതെ സ്വദേശ-വിദേശ വിനോദസഞ്ചാരികൾ, പൊതുജനങ്ങൾ എന്നിവർക്കും കൂടി കുറഞ്ഞ ചെലവിൽ സുരക്ഷിതമായ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് പുതിയതായി കന്യാകുമാരി, ഗുരുവായൂർ, അതിരപ്പള്ളി എന്നിവിടങ്ങളിൽ മൂന്ന് യാത്രി നിവാസുകൾ ബഡ്ജറ്റ് അക്കൊമഡേഷൻ ഉദ്ദേശത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു.

(ബി) സംസ്ഥാനത്തെത്തുന്ന ഗവർണ്ണർമാർ/കേന്ദ്രമന്ത്രിമാർ/വിശിഷ്ട/ അതിവിശിഷ്ട വ്യക്തികൾ/കേന്ദ്ര സംസ്ഥാന ഉന്നതോദ്യോഗസ്ഥർ/വിദേശ പ്രതിനിധികൾ/സ്വദേശ-വിദേശ വിനോദസഞ്ചാരികൾ/സാധാരണക്കാർ എന്നിവർക്ക് മികച്ച താമസസൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം.

(സി) വിനോദസഞ്ചാര മേഖലയിൽ താമസസൗകര്യം ഒരുക്കുന്നതിനായി പുതിയതായി മൂന്ന് യാത്രി നിവാസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.അതുകൂടാതെ വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള ഗസ്റ്റ് ഹൗസുകളിൽ മികച്ച സേവനം നൽകുന്നതിനായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ഫർണിഷിംഗ് എന്നിവ നടന്നുവരുന്നു.

## തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം

**17 (*527)** ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :